"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ശ്രീ.വിനോദ് ജി (നിലവിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ) ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**227/2024/POWER** തീയതി,തിരുവനന്തപുരം, **02-12-2024**

---

പരാമർശം:- 1. സ.ഉ.(അ) നം.**88/2017**/ധന. തീയതി: **11.07.2017.**

2. സ.ഉ.(സാധാ.) നം.**95/2023**/പവർ തീയതി: **31.05.2023.**

3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടറുടെ **26.12.2023, 26.07.2024** തീയതികളിലെ ലെ സി.ഇ.ഐ./**11207/2023**-ഇ1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.അനിൽ കുമാർ വി.സി. **31.05.2023**-ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് സീനിയർ മോസ്റ്റ് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായിരുന്ന ശ്രീ.വിനോദ് ജി **01.06.2023** പൂർവ്വാഹ്നം മുതൽ **25.11.2023** അപരാഹ്നം വരെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടർ പരാമർശം **3)** പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.അനിൽ കുമാർ വി.സി.യും ടി തസ്തികയുടെ ഫീഡർ തസ്തികയായ അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.റഫിയുദ്ദീൻ കെ.കെ.-യും **31.05.2023**-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ വകുപ്പിലെ സീനിയർ മോസ്റ്റ് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായിരുന്ന ശ്രീ.വിനോദ് ജി-ക്ക് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല **01.06.2023** മുതൽ പ്രാബല്യത്തിൽ നൽകി പരാമർശം **2.** പ്രകാരം ഉത്തരവായിരുന്നു. ശ്രീ.വിനോദ് ജി ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ

ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [പരാമർശം 1. പ്രകാരം ഭേദഗതി ചെയ്തത് പ്രകാരം], 53 A II (c), 53 (c) എന്നിവ പ്രകാരം അധിക ചുമതല വഹിച്ച തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.06.2023 മുതൽ പരമാവധി 3 മാസകാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീ.വിനോദ് ജി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 04-12-2024 10:53:06

സെക്ഷൻ ഓഫീസർ